

# ACADEMIC MASTER PLAN GHSS EDAVILANGU 2025-26









# ആമുഖം

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഏക ഹൈസ്കൂളാണ് , ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ എടവിലങ്ങ് . 1880 ഫെബ്രുവരി 11ന് ഏക അധ്യാപക വിദ്യാലയമായി ആരംഭിച്ച് ഇന്ന് ഹയർ സെക്കൻഡറി സ്കൂൾ തലത്തിൽ എത്തി നിൽക്കുന്നു . തീരദേശ മേഖലയിൽ ഉൾപ്പെടുന്ന ഈ പ്രദേശം സാമ്പത്തികമായും സാമൂഹികമായും പിന്നോക്ക അവസ്ഥയിലാണ് .മികച്ച അക്കാദമിക നിലവാരം ലക്ഷ്യമിട്ട് കഠിനശ്രമം നടത്തിവരുന്നതിനാൽ എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നിലനിർത്തി വരുന്നു .പല സാംസ്കാരിക നായകന്മാർക്കും സാമൂഹ്യപ്രവർത്തകർക്കും പ്രശസ്തിയിലേക്ക് ഉയരാനുള്ള അടിത്തറ പാകാൻ കഴിഞ്ഞു എന്നുള്ളത് ഈ സ്കൂളിന് അഭിമാനിക്കാൻ വക നൽകുന്നു. മഹത്തായ പാരമ്പര്യമുള്ള ഈ വിദ്യാലയത്തിന്റെ നിലനിൽപ്പ് ഈ നാടിൻറെ ആവശ്യമാണ് 2024- 25 അധ്യയന വർഷത്തിൽ അഞ്ചു മുതൽ 10 വരെ ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു . വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കാൻ സ്റ്റാഫിനൊപ്പം പി ടി എ, എം പി ടി എ, എസ് എം സി, ഒ എസ് എ , ജില്ലാ പഞ്ചായത്ത് , ഗ്രാമപഞ്ചായത്ത് എന്നിവർ പരിശ്രമിക്കുന്നു. സംസ്ഥാന ഗവൺമെൻറ് ,എസ് എസ് കെ , ജില്ലാ പഞ്ചായത്ത് , എംഎൽഎ ഫണ്ടുകൾ സ്വീകരിച്ച് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടത്തിവരുന്നു .

അടുത്ത ഒരു വർഷത്തേക്ക് നടപ്പിലാക്കേണ്ട മികച്ച പ്രവർത്തനങ്ങൾ സ്കൂളിന്റെ സാഹചര്യങ്ങൾക്ക് യോജിച്ച രീതിയിൽ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് തയ്യാറാക്കി വ്യക്തമായ മോണിറ്ററിങ്ങും അവലോകനവും നടത്തി ലക്ഷ്യത്തിലേക്ക് എത്തിക്കാനായി ശ്രദ്ധാപൂർവ്വം പ്രവർത്തിക്കാൻ ഈ വിദ്യാലയം പ്രതിജ്ഞാബദ്ധമാണ് .

# പദ്ധതി രൂപീകരണ പ്രക്രിയ

വിദ്യാലയ വികസന പദ്ധതി തയ്യാറാക്കുന്നത് എസ്എം സി , പി ടി എ , ഒ എസ് എ , വിദ്യാലയ വികസന സമിതി എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് . വിദ്യാലയ വികസന സമിതി മുഖ്യരക്ഷാധികാരി കൈപ്പമംഗലം എംഎൽഎ ശ്രീ ഇ ടി ടൈസൺ മാസ്റ്ററാണ് . ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് , പഞ്ചായത്ത് പ്രസിഡണ്ട് എന്നിവർ രക്ഷാധികാരികളുമാണ് . അധ്യാപകർ , രക്ഷാകർത്താക്കൾ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ , സന്നദ്ധ സംഘടന പ്രവർത്തകർ , രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ , കുടുംബശ്രീ അംഗങ്ങൾ എന്നിവർ വികസന സമിതിയിൽ അംഗങ്ങളാണ് . സ്കൂൾ വികസന സമിതിയുടെ നേതൃത്വത്തിൽ വിദ്യാലയത്തിനായി അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള വിഭവ സമാഹരണം , നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. വിദ്യാലയവികസനപ്രവർത്തനങ്ങളിൽ പൂർവ്വ വിദ്യാർത്ഥി സംഘടനയായ 'ഒസാപ്സ്' പങ്കാളിത്തം ശ്രദ്ധേയമാണ്.

<u>ലക്ഷ്യങ്ങൾ</u>

1.അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കുട്ടിയുടെ കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക .

2.കുട്ടിയുടെ സർഗ്ഗാത്മകമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന വിധത്തിൽ സമഗ്രമായ വ്യക്തിത്വ വികാസം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

3. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും പഠനോപകരണങ്ങൾ വിദ്യാലയത്തിൽ ഉറപ്പുവരുത്തുകയും ചെയ്യുക.

4.പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.

5.സ്കൂൾതലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക .

6.സ്കൂൾ ലൈബ്രറി, IT ലാബ് എന്നിവ ആധുനികവൽക്കരിക്കുക.

7. എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കി മാറ്റൽ'

8'എല്ലാ കുട്ടികളിലും ഭാഷാപ്രാവീണ്യം, അക്ക ബോധം എന്നിവ ഉറപ്പാക്കൽ .

9.എല്ലാ വിദ്യാർത്ഥികൾക്കും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കൽ .

10.ഭൗതികാന്തരീക്ഷം സുരക്ഷിതവും സുന്ദരവും ആക്കൽ.

11.ആരോഗ്യവും ശുചിത്വപൂർണ്ണവുമായ അന്തരീക്ഷം ഉറപ്പുവരുത്തുക.

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ - സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ - ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ |

| മേഖല യു .പി . മലയാളം | | | | |
|---|---|---|---|---|
| | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3.അക്ഷരക്കാർഡ് നൽകൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്കുകൾ നിർമ്മിക്കൽ<br>6. വാക്യങ്ങൾ നിർമ്മിക്കൽ<br>7. ചിത്രം – അടിക്കുറിപ്പ്<br>8. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ , ജൂലായ് | മലയാളം അധ്യാപകർ | അധ്യാപകർ |
| 2 . പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക | വാർത്താലോകത്തേക്ക് : പത്രം,ആഴ്ചപ്പതിപ്പ് ,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു .<br><br>വാർത്താ വായന : നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു . ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു .<br><br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ , ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാദിവസവും<br><br>പ്രതിമാസം<br><br>വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം അധ്യാപകർ<br><br>മലയാളം ക്ലബ്ബ്<br><br>മലയാളം ക്ലബ്ബ് | <br><br><br><br>മലയാളം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 3 . പാഠപുസ്തകങ്ങളിൽ പരാമർശിക്കുന്ന എഴുത്തുകാരുടെ കൃതികൾ പരമാവധി ലിസ്റ്റ് ചെയ്യൽ | സ്കൂൾ ലൈബ്രറിയിൽ നിന്നോ അടുത്തുള്ള ലൈബ്രറികളിൽ നിന്നോ പുസ്തകങ്ങൾ ലഭ്യമാക്കാനുള്ള അവസരം നൽകുന്നു .<br><br>വായനയെ പ്രോത്സാഹിപ്പിക്കുന്നു . | ദീർഘകാലം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 4. കുട്ടികളുടെ സർഗാത്മകത പരിപോഷിപ്പിക്കൽ | 1 . എഴുത്തുകൂട്ടം രൂപീകരണം<br>2 . സ്വന്തം രചനകൾ അവതരിപ്പിക്കൽ<br>3 . വായന കുറിപ്പ് തയ്യാറാക്കൽ<br>4. പതിപ്പ് തയ്യാറാക്കൽ<br>5. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ . | ഒക്ടോബർ മാസം വരെ | മലയാളം ക്ലബ്ബ്, അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# ACADEMIC MASTER PLAN

## ENGLISH- U P

| OBJECTIVES | PROGRAMMES | DURATION | SUPPORT | REMARKS |
|---|---|---|---|---|
| To improve the listening and speaking skill. | Listens to simple English stories ,poems and watches English films and documentaries Plays simple and funny English recordings Encourages the child to provide appropriate answers to the related questions. | June to December | English Teacher | |
| | Gives instructions in English and act accordngly. | | | |
| | English radio news: Plays the recorded news and provides an opportunity to hear the correct pronunciation | | | |
| | Provides opportunity for one man show based on some given concepts | | | |
| To improve the ability to read and write in English without mistakes | Arranges various reading cards at different levels and provides the opportunity to read without mistakes( from simple to complex) | Twice n a month | English Teacher | |
| | Present different stories in the form of Reader's theatre radio drama. | Once in a month | | |
| | Conduct English news readng competition and reader of the month is honoured. | | | |
| | Poster making ,slogan writing and writing announcements. | On the occasion of special days' celebrations | | |
| To encourage reading habit | Reading stories,Reading competition,News reading. | Once in a week | English Teacher | |

| | | | | |
|---|---|---|---|---|
| To improve the ability to express their own ideas in English. Develop confidence in speaking English | Story retelling,speech presentation,thought sharing,introducing books they have read & role play. | Once in month | English Teacher | |
| To enrich the vocabulary | Compile 'My Dictionary',cross word puzzles,preparing word card. | June to February | English Teacher | |
| Develop language sklls through creative activities | English Assembly , greeting card /invitation card making, preparing fun time riddles and tricky questions. | Twice n a week | English Teacher | |
| | Preparing class Magazine | Once in the year | | |
| Activities for below average students to improve the level of learning. | Matching picture cards with related word cards, Completion of sentence cards arranging particular words, story completion chart, synonyms & antonyms cards | june to August | English teacher& Class Teacher | |

# മേഖല : ഹൈസ്കൂൾ ഹിന്ദി

| ലക്ഷ്യം | പ്രവർത്തികൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| *ഹിന്ദി അക്ഷരമാല നന്നായി പഠിപ്പിക്കുക<br>* വാക്യം നിർമ്മിക്കുക<br>* ഹിന്ദി ഭാഷയിൽ താല്പര്യമുണ്ടാക്കുക<br>* മാതൃഭാഷയെ പോലെ ഹിന്ദി സ്വായത്വമാക്കാൻ പ്രാപ്തരാക്കുക | * പ്ലക്കാർഡുകൾ ഉപയോഗിക്കുന്നു<br>*ICT മുഖാന്തരം അക്ഷരങ്ങൾ പരിചയപ്പെടുത്തൽ<br>* അക്ഷരങ്ങളെ തിരിച്ചറിയാനുള്ള പ്രവർത്തികൾ<br>*ICT ഉപയോഗിച്ച് ശരിയായ ഉച്ചാരണം കേൾപ്പിക്കൽ<br>* ഹിന്ദി പസിൽ നിർമ്മാണം<br>* പദപ്രശ്നം പൂരിപ്പിക്കൽ | ജൂൺ | ഹിന്ദി അധ്യാപകർ | മാതാപിതാക്കൾ<br>പിടിഎ |
| | *ICT മുഖാന്തരം കഥ,<br>കവിത പ്രദർശനം<br>* കഥ കവിത വായിക്കുക ഗ്രൂപ്പ് ആക്ടിവിറ്റി കൊടുക്കുക | ജൂലൈ - ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | മാതാപിതാക്കൾ<br>പിടിഎ |
| * ഹിന്ദി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും പ്രാപ്തരാക്കുക | * പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധരായ സാഹിത്യകാരന്മാരുടെ കഥ,കവിത,സിനിമ എന്നിവ ഐ സി ടി മുഖാന്തരം പ്രദർശിപ്പിക്കുക | സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | മാതാപിതാക്കൾ<br>പിടിഎ |
| | * പാഠഭാഗവുമായി ബന്ധപ്പെട്ട് ചാർട്ട്,ചോദ്യോത്തര മത്സരങ്ങൾ, കവിത | | | |

| | | | | |
|---|---|---|---|---|
| | സന്ദർഭം<br>അഭിനയിക്കൽ എന്നിവ<br>ക്ലാസ്സിൽ<br>അവതരിപ്പിക്കുക | ഒക്ടോബർ | ഹിന്ദി<br>അധ്യാ<br>പകർ | മാതാപിതാക്കൾ<br>പിടിഎ |
| * കുട്ടികളിൽ<br>എഴുതുവാനുള്ള<br>ശീലം വളർത്തുക | * ഡയറി, ടിപ്പണി,<br>തിരക്കഥ, സംഭാഷണം<br>എന്നിവ തയ്യാറാക്കൽ | നവംബർ-<br>ഡിസംബർ | ഹിന്ദി<br>അധ്യാ<br>പകർ | മാതാപിതാക്കൾ<br>പിടിഎ |
| | * പാഠഭാഗവുമായി<br>ബന്ധപ്പെട്ട് നാടകം<br>അവതരിപ്പിക്കുക<br>* പോസ്റ്റർ പ്രദർശനം<br>* യാത്രാവിവരണം<br>തയ്യാറാക്കൽ | ജനുവരി -<br>ഫെബ്രുവരി | ഹിന്ദി<br>അധ്യാ<br>പകർ | മാതാപിതാക്കൾ<br>പിടിഎ |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **(UP & HS)** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ.  സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# 2 മേഖല : സയൻസ്

**ലക്ഷ്യം: 8** മുതൽ **10** വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക്

ശാസ്ത്രാഭിരുചി വരുത്തൽ

ലാബ് ശാക്തീകരണം - ശാസ്ത്ര പഠനം രസകരമാക്കൽ

ഹൈടെക്ക് സംവിധാനം പ്രയോജനപ്പെടുത്തി ശാസ്ത്രപഠനം കൂടുതൽ ആകർഷമാകുക

നൂതനമായ ശാസ്ത്ര അറിവുകൾ കുട്ടികളിലേക്ക് എത്തിക്കുക

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ദിനാചരണങ്ങൾ<br>പരിസ്ഥിതി ദിനം, ചാന്ദ്രദിനം<br>ഓസോൺ ദിനം,ശാസ്ത്രദിനം | ജൂൺ-മാർച്ച് | ശാസ്ത്ര<br>അധ്യാപകർ | 2000 |
| സയൻസ് ക്ലബ് രൂപികരണം | ജൂൺ | ശാസ്ത്ര<br>അധ്യാപകർ | |
| ശാസ്ത്ര ദിനാചരണങ്ങളിൽ<br>ശാസ്ത്രജ്ഞന്മാരുടെ<br>ജീവചരിത്രവുമായി ബന്ധപ്പെടുത്തി<br>സ്ലൈഡുകളുടെ നിർമ്മാണം -<br>ഡോക്യുമെൻന്റേഷൻ<br>തയ്യാറാക്കൽ | ജൂൺ - മാർച്ച് | ശാസ്ത്ര<br>അധ്യാപകർ,<br>വിദ്യാർത്ഥികൾ | |
| Ball & Stick ഉപയോഗിച്ച് ആറ്റം<br>മാതൃകകൾ,ഓർഗാനിക്ക്<br>സംയുക്തങ്ങളുടെ മാതൃകകൾ<br>ഇവ തയ്യാറാക്കൽ ,<br>പ്രദർശിപ്പിക്കൽ | ജൂൺ-ജൂലൈ | ശാസ്ത്ര<br>അധ്യാപകർ,<br>വിദ്യാർത്ഥികൾ | |
| ക്ളാസ് മുറികളിൽ ശാസ്ത്രമൂല<br>ഒരുക്കൽ , മൈക്രോസ്കോപ്പ്<br>കൈകാര്യം ചെയ്യൽ ,<br>പരിക്ഷണത്തിൽ ഏർപ്പെടൽ | ജൂൺ-മാർച്ച് | ശാസ്ത്ര<br>അധ്യാപകർ,<br>വിദ്യാർത്ഥികൾ | 2000 |

| | | | |
|---|---|---|---|
| Latest Science news സയൻസ് വാർത്തകൾ നോട്ടീസ് ബോർഡിൽ പ്രദർശിക്കൽ | ജൂൺ-മാർച്ച് | ശാസ്ത്ര അധ്യാപകർ, വിദ്യാർത്ഥികൾ | |
| വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കൽ,ഡാറ്റാ ബാങ്ക്- നമ്മുടെ സ്കൂൾ പരിസരത്തുള്ള വൃക്ഷങ്ങളുടെ ഡാറ്റാ ബാങ്ക് ശേഖരിക്കൽ | സെപ്റ്റംബർ-ഒക്ടോബർ | ശാസ്ത്ര അധ്യാപകർ | 3000 |
| HS വിഭാഗത്തിന് പ്രത്യേക ലാബ് സൗകര്യമൊരുക്കൽ ആവശ്യമായ സാമഗ്രികൾ വാങ്ങുക വിഷയാടിസ്ഥാനത്തിൽ സജ്ജീകരിക്കുക | ജൂൺ-മാർച്ച് | എച്ച് എം ,ശാസ്ത്ര അധ്യാപകർ | 5000 |
| ശാസ്ത്ര പരിക്ഷണങ്ങൾ തയ്യാറാക്കൽ പ്രദർശിപ്പിക്കാനുള്ള വേദി ഒരുക്കൽ ശാസ്ത്രമേള | ഒക്ടോബർ | എച്ച് എം, ശാസ്ത്ര അധ്യാപകർ പി ടി എ | |
| ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ Kalzium Software ഉപയോഗിച്ച് മൂലകങ്ങളെ കുറിച്ചുള്ള ധാരണ കൈവരിക്കൽ | ജൂൺ-മാർച്ച് | ശാസ്ത്ര അധ്യാപകർ, വിദ്യാർത്ഥികൾ | |
| പഠനയാത്ര -വിജ്ഞാൻ സാഗർ | നവംബർ | എച്ച് എം, ശാസ്ത്ര അധ്യാപകർ പി ടി എ വിദ്യാർത്ഥികൾ | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

മേഖല : സയൻസ്

ലക്ഷ്യം: 5 മുതൽ 7 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് ശാസ്ത്രാഭിരുചി വരുത്തൽ,ലാബ് ശാക്തീകരണം -ശാസ്ത്ര പഠനം രസകരമാക്കൽ

ഹൈടെക്ക് സംവിധാനം പ്രയോജനപ്പെടുത്തി ശാസ്ത്രപഠനം കൂടുതൽ ആകർഷമാകുക

| പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ദിനാചരങ്ങൾ<br>പരിസ്ഥിതി ദിനം ചാന്ദ്രദിനം<br>ശാസ്ത്രദിനം | ജൂൺ- മാർച്ച് | HM,ശാസ്ത്ര അധ്യാപകർ, പി ടി എ,വിദ്യാർത്ഥികൾ | PTA |
| സയൻസ് ക്ലബ്ബ് രൂപീകരണം | ജൂൺ | ശാസ്ത്ര അധ്യാപകർ, വിദ്യാർത്ഥികൾ | PTA |
| ശാസ്ത്ര ദിനാചരണങ്ങളിൽ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രവുമായി ബന്ധപ്പെടുത്തി സ്ലൈഡുകളുടെ നിർമ്മാണം<br>ഡോക്യുമെൻന്റേഷൻ തയ്യാറാക്കൽ | ജൂൺ- മാർച്ച് | ശാസ്ത്ര അധ്യാപകർ, വിദ്യാർത്ഥികൾ | PTA |
| സയൻസ് വാർത്തകൾ നോട്ടീസ് ബോർഡിൽ | ജൂൺ- മാർച്ച് | ശാസ്ത്ര അധ്യാപകർ, വിദ്യാർത്ഥികൾ | PTA |
| വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | ശാസ്ത്ര അധ്യാപകർ, പി ടി എ | PTA |
| യുപി വിഭാഗത്തിന് ലാബ് സൗകര്യം ഒരുക്കൽ ആവശ്യമുള്ള സാമഗ്രികൾ വാങ്ങിക്കുക. വിഷയാടിസ്ഥാനത്തിൽ സജ്ജീകരിക്കുക. | ജൂൺ -ജൂലൈ - ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ, പി ടി എ | PTA |
| ശാസ്ത്ര പരീക്ഷണങ്ങൾ തയ്യാറാക്കൽ പ്രദർശിപ്പിക്കുന്നതിനുള്ള വേദിയൊരുക്കൽ | ഒക്ടോബർ | ശാസ്ത്ര അധ്യാപകർ, പി ടി എ,വിദ്യാർത്ഥികൾ | PTA |
| ജൈവവൈവിധ്യ പാർക്ക് രൂപീകരണം കണ്ടൽക്കാടുകളിലേക്ക് പഠനയാത്ര | ഒക്ടോബർ നവംബർ | HM,ശാസ്ത്ര അധ്യാപകർ, പി ടി എ | PTA |

# സാമൂഹ്യശാസ്ത്രം

മേഖലഃ അക്കാദമികം

<u>പ്രധാന ലക്ഷ്യങ്ങൾ</u>

- പഠിതാക്കളിൽ ചരിത്രാവബോധം, സാമൂഹ്യബോധം, സാമൂഹിക പ്രതിബദ്ധത തുടങ്ങിയവ വളർത്തുക.
- ഭരണഘടനാ മൂല്യങ്ങളെ ഉയർത്തിപിടിക്കുവാൻ പ്രാപ്തരാക്കുക.
- പൌരബോധ രൂപീകരണം നടത്തുക.
- ഭൂമിശാസ്ത്ര പ്രാധാന്യം ഉൾക്കൊണ്ട് കൊണ്ട് സുസ്ഥിരവികസന ആശയം സ്വായത്തമാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. ചരിത്ര ആൽബം തയ്യാറാക്കൽ | ലോക നേതാക്കൾ, സ്വാതന്ത്ര്യ സമരസേനാനികൾ, ചരിത്ര സംഭവങ്ങൾ തുടങ്ങിയവ പരിചയപ്പെടുത്തൽ | ജൂൺ-ജൂലൈ |
| 2. സിനിമാ പ്രദർശനം | ചരിത്ര പ്രാധാന്യമുള്ള സിനിമകളുടെ പ്രദർശനം സംഘടിപ്പിച്ച് റിവ്യു തയ്യാറാക്കുക | ജൂലൈ |
| 3. സാമൂഹ്യശാസ്ത്ര ലാബ് സെറ്റിംഗ് | ഭൂപടങ്ങൾ, നാണയങ്ങൾ, ഗ്ലോബുകൾ, ഡിസ്പ്ലേ ബോർഡുകൾ, മൾട്ടിമീഡിയ ഉപകരണങ്ങൾ മുതലായവ ഉൾപ്പെടുത്തികൊണ്ട് ലാബ് സജ്ജീകരിക്കുക | ആഗസ്റ്റ്-സെപ്തംബർ |
| 4. സ്ക്കൂൾ പാർലമെൻറ് | തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ സ്കൂൾ പാർലമെൻറ് രൂപീകരിക്കുക, ജനാധിപത്യ പ്രക്രിയയിൽ പങ്കാളിയാവുക | സെപ്തംബർ |
| 5. ചരിത്ര പഠനയാത്ര | ചരിത്രത്തിൻറെ ശേഷിപ്പുകൾ തേടിയുള്ള പഠനയാത്രകൾ സംഘടിപ്പിക്കുക | ഒക്ടോബർ-നവംബർ |

| | | |
|---|---|---|
| 6. ഭരണഘടനാവബോധം വളർത്തുക | ഭരണഘടനയുടെ ആമുഖം പ്രദർശിപ്പിച്ച് ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിയ്ക്കുന്നതിന് പ്രാപ്തരാക്കുക | നവംബർ-ഡിസംബർ |
| 7. സൈബർ സുരക്ഷ ബോധവൽക്കരണം | സൈബർസെൽ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക | ജനുവരി-ഫെബ്രുവരി |
| 8. ലഹരിവിമുക്ത വിദ്യാലയം | ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും ദൂശ്യഫലങ്ങളും സംബന്ധിച്ച് ഡിബേറ്റ് സംഘടിപ്പിക്കുക | ഫെബ്രുവരി |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട് – കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിദ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വിഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതിദുരന്തങ്ങളെ ക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിച്ച് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.അരമറലാശര ഒമല്ലേ്യ ജഹമി | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ ക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ?**<br>(ഫീൽഡ് ട്രിപ്പ്, സർവ്വേ പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# H S MATHEMATICS MASTER PLAN

| Serial no: | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|
| 1 | ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട മുന്നറിവ് പരിശോധിച്ച് ആവശ്യമായ പരിഹാര ബോധന പ്രവർത്തനങ്ങൾ<br><br>പ്രീ ടെസ്റ്റ്<br><br>സംശയ നിവാരണ പെട്ടി സ്ഥാപിക്കുന്നു<br><br>ഗണിത ക്ലബ് രൂപീകരണം<br><br>സമഗ്ര ഗുണ മേന്മ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഉൾച്ചേർന്ന വിദ്യാഭ്യാസം( ഭിന്നശേഷി കുട്ടികളെ ചേർത്ത് പിടിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ)<br><br>ഗവേഷണം( വർഗ്ഗം- ക്ലാസ് 8)<br><br>യൂണിറ്റ് ടെസ്റ്റ്(ക്ലാസ്സ് 8,9,10) | ജൂൺ -നവംബർ<br><br><br><br><br><br><br><br><br>ജൂൺ-മാർച്ച്<br><br><br>ജൂൺ | Nil<br><br><br><br><br><br><br><br><br>Nil | |
| 2 | ഗണിത മേളയുടെ മുന്നൊരുക്കവുമായി ബന്ധപെട്ട് geometric chart , number chart , other chart എന്നിവയുടേ നിർമാണ പരിശീലനം<br><br>അസൈൻമെൻറ്( ക്ലാസ് 8,9,10)<br><br>വർക്ക് ഷോപ്പ്( തുല്യ ത്രികോണങ്ങൾ കണ്ടെത്താൻ- ഗ്രൂപ് പ്രവർത്തനം)-ക്ലാസ് 8<br><br>ലോക പൈ ദിനാചരണവുമായി ബന്ധപ്പെട്ട് ഗണിത അസ്സെംബ്ലി<br><br>ഗണിത നിഘണ്ടു<br><br>യൂണിറ്റ് ടെസ്റ്റ്<br><br>ഗണിത അധിക പഠനം | ജൂലൈ | രക്ഷിതാക്കളുടെ സഹകരണം<br><br><br><br><br><br>PTA | |
| 3 | സ്കൂൾ തല ഗണിത മേളക്കുള്ള ഒരുക്കങ്ങൾ chart ,models ഇവയുടെ നിർമാണം | ആഗസ്റ്റ് | PTA | |

| | | | | |
|---|---|---|---|---|
| | സ്വാതന്ത്ര ദിനത്തോടനുബന്ധിച്ച പതാക നിർമാണം<br><br>അസൈൻമെൻറ്( ബഹുഭുജങ്ങൾ)<br>പ്രൊജക്ട്( ബഹുഭുജങ്ങൾ)<br>യൂണിറ്റ് ടെസ്റ്റ്<br><br>ഗണിത അധിക പഠനം | | | |
| 4 | ഗണിത കലണ്ടർ ,<br>ഗണിത അധിക പഠനം<br>യൂണിറ്റ് ടെസ്റ്റ് | സെപ്റ്റംബർ | NIL | |
| 5 | ഗണിത ലൈബ്രറി നിർമാണം<br>കുട്ടികൾ,അധ്യാപകർ എന്നിവരിൽ നിന്നും ഗണിത പുസ്തകങ്ങൾ ശേഖരിക്കുന്നു<br>അർദ്ധ വാർഷിക പരീക്ഷയുമായി ബന്ധപ്പെട്ട് ഗണിത അധിക പഠനം<br>യൂണിറ്റ് ടെസ്റ്റ് | ഒക്ടോബർ - മാർച്ച് | NIL | |
| 6 | ഒന്നാം കൃതി , രണ്ടാം കൃതി ചിത്ര രൂപീകരണം<br>ഗണിത അധിക പഠനം<br>യൂണിറ്റ് ടെസ്റ്റ് | നവംബർ | NIL | |
| 7 | ദേശീയ ഗണിത ദിനത്തോടനുബന്ധിച്ച ഗണിത ക്വിസ് , രാമാനുജ ചരിത്രം ഇവയുടെ അവതരണം (സെമിനാർ)<br><br>ചിത്ര രചനാ മത്സരം (രാമാനുജന്റെ )<br><br>യൂണിറ്റ് ടെസ്റ്റ്<br><br>ഗണിത അധിക പഠനം | ഡിസംബർ | NIL | |
| 8 | ഗണിത മാഗസിൻ തയ്യാറാക്കൽ<br>പഠന യാത്ര (സംഗമ ഗ്രാമ മാധവന്റെ ജന്മസ്ഥലം )<br><br>SSLC പരീക്ഷയുമായി ബന്ധപ്പെട്ട് റിവിഷൻ ക്ലാസ്<br><br>യൂണിറ്റ് ടെസ്റ്റ്<br><br>ഗണിത അധിക പഠനം | ജനുവരി | അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണം | |

| | | | | |
|---|---|---|---|---|
| 9 | ഘനരൂപ  പ്രദർശനം , നിർമ്മാണം (ക്ലാസ് 9,10)<br>(വർക്ക് ഷോപ്പ്)<br><br>യൂണിറ്റ് ടെസ്റ്റ്<br><br>ഗണിത അധിക പഠനം | ഫെബ്രുവരി | അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണം | |
| 10 | വാർഷിക പരീക്ഷയുമായി ബന്ധപ്പെട്ട്  അധിക പഠനം | മാർച്ച് | NIL | |

| | | | ഗണിതം (യു .പി.വിഭാഗം) |
|---|---|---|---|
| SI NO | പ്രവർത്തനങ്ങൾ | കാലയളവ് | റിമാർക്ക് |
| 1 | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളുമായി ബന്ധപ്പെട്ട മുന്നറിവ് പരിശോധിച്ച് ആവശ്യമായ പരിഹാരബോധന പ്രവർത്തനങ്ങൾ,ഗണിത ക്ലബ് രൂപീകരണം | ജൂൺ - നവംബർ | |
| 2 | പൈദിനാചരണവുമായി ബന്ധപ്പെട്ട് ഗണിത അസംബ്ലി സംഘടിപ്പിക്കുന്നു | ജൂലൈ | |
| 3 | സ്കൂൾതല ഗണിത മേളക്കുള്ള ഒരുക്കങ്ങൾ,സ്വാതന്ത്രദിനവുമായി ബന്ധപ്പെട്ട് പതാക നിർമാണം. | ഓഗസ്റ്റ് | |
| 4 | ഗണിത അധികപഠനം -ഗണിത കലണ്ടർ നിർമാണം | സെപ്റ്റംബർ | |
| 5 | ഗണിത ലൈബ്രറി നിർമാണം [കുട്ടികൾ,അധ്യാപകർ എന്നിവരിൽനിന്ന് ഗണിതപുസ്തകങ്ങൾ ശേഖരിക്കുന്നു]. | ഒക്ടോബർ - മാർച്ച് | |
| 6 | ദേശീയ ഗണിത ദിനാചരണത്തോടനുബന്ധിച്ച് ഗണിതക്വിസ്,ഗണിത ശാസ്ത്രജ്ഞരുടെ ചുവർമാസിക എന്നിവ തയ്യാറാക്കുന്നു. | ഡിസംബർ | |
| 7 | ഗണിത മാഗസിൻ തയ്യാറാക്കുന്നു. | ജനുവരി | |
| 8 | വാർഷിക പരീക്ഷയുമായി ബന്ധപ്പെട്ട് അധികഗണിത പഠനം. | ഫെബ്രുവരി - മാർച്ച് | |

# ACADEMIC MASTER PLAN 2025 -26

## WORK EXPERIENCE

| Serial No | Activities | Finance | Duration | Remarks |
|---|---|---|---|---|
| 1 | Basic eng. Drawing, agricultural activites, soap making | Students | June | |
| 2 | Basic eng. Drawing, agricultural activites, soap making | | July | |
| 3 | Basic eng. Drawing, agricultural activites, soap making | | August | |
| 4 | Competition | | September | |
| 5 | Competition | | October | |
| 6 | Flower making, basic- civil eng. | | November | |
| 7 | Electrical work, embroidery, vegitable printing | | December | |
| 8 | Sheetmetal work, embroidery, vegitable printing | | January | |
| 9 | Eng. Drawing and tools introduction | | February | |

BINDU AUGUSTINE M
WORKSHOP INSTRUCTOR

JAISY M S
CRAFT TEACHER